പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5129 | 27.7.2015 ലെ മറുപടിയ്ക്ക്

## അധ്യാപക പാക്കേജും അധ്യാപക തസ്തികാ നിർണ്ണയവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>,, റ്റി.വി.രാജേഷ്<br>,, പി.ശ്രീരാമകൃഷ്ണൻ<br>,, രാജു എബ്രഹാം | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) | അദ്ധ്യാപക പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുമായും അദ്ധ്യാപകരുമായി നടത്തിയ ചർച്ചയിൽ ഇരുകൂട്ടരുടെയും നിർദ്ദേശം എന്തായിരുന്നു ; ഇത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; | (എ) | അദ്ധ്യാപക പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എൽ.പി.യിൽ 1:30 യും യു.പി.യിൽ 1:35 ഉം അനുപാതം ക്ലാസ് തലത്തിൽ നടപ്പാക്കണമെന്ന പൊതുനിർദ്ദേശം ഉയർന്നിരുന്നു. ഇത് വിദ്യാഭ്യാസ അവകാശനിയമത്തിന്റേയും അധ്യാപക പാക്കേജുമായി ബന്ധപ്പെട്ട കോടതി വിധിയുടെയും വെളിച്ചത്തിൽ പരിശോധിച്ച്, നിലവിലുള്ള കെ.ഇ.ആർ പ്രകാരമുള്ള അനുപാതം തന്നെ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം അധ്യാപക തസ്തികാ നിർണ്ണയം നടത്തിയിട്ടുണ്ടോ ; വിശദാംശം നല്കാമോ; | (ബി) | തസ്തിക നിർണ്ണയം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചുവെങ്കിലും ഹൈക്കോടതി സ്റ്റേ മൂലം തസ്തിക നിർണ്ണയനടപടികൾ പൂർത്തീകരി ക്കുവാൻ സാധിച്ചിട്ടില്ല. |
| (സി) | ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളിൽ 1:30, അഞ്ചു മുതൽ പത്തു വരെ 1:35 എന്ന അനുപാതത്തിൽ തസ്തികാ നിർണ്ണയം നടത്തുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | തസ്തിക നിർണ്ണയിക്കുമ്പോൾ എയ്ഡഡ് സ്കൂളിൽ അധികം വരുന്ന തസ്തികയിൽ മറ്റ് എയ്ഡഡ് സ്കൂളുകളിൽ നിന്നും ജോലി നഷ്ടപ്പെട്ട് പുറത്തു പോകുന്ന അധ്യാപകരെ നിശ്ചിത അനുപാതത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അനുപാതം കുറയ്ക്കുന്നതിന് അധ്യാപക പാക്കേജിൽ തീരുമാനമായിട്ടുണ്ടോ ; എയ്ഡഡ് മാനേജ്മെന്റുകളുടെ താല്പര്യം മാത്രം പരിഗണിച്ചുള്ള തീരുമാനമാണോ കൈക്കൊണ്ടിട്ടുള്ളത് ? | (ഇ) | കെ.ഇ.ആർ പ്രകാരമുള്ള അനുപാതം നിലനിർത്താൻ തീരുമാനമായിട്ടുണ്ട്. അധ്യാപക പാക്കേജുമായി ബന്ധപ്പെട്ട ബഹു.ഹൈക്കോടതിവിധിയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചു കൊണ്ടാണ് തീരുമാനം. |

സെക്ഷൻ ഓഫീസർ